പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2352 — 18.06.2014- ൽ മറുപടിക്ക്

## ആലപ്പുഴ ഡബ്ല്യൂ & സി ആശുപത്രിയിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എ. എം. ആരീഫ് | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | ആലപ്പുഴ ഡബ്ല്യൂ & സി ആശുപത്രിയിൽ വൈദ്യുതി തകരാറുമൂലം ലേബർ റൂമിൽ മെഴുകുതിരി വെളിച്ചത്തിൽ ഓപ്പറേഷൻ നടപടികൾ പൂർത്തിയാക്കേണ്ടിവന്ന സംഭവത്തെ തുടർന്നുണ്ടായ ജനങ്ങളുടെ പ്രതിഷേധം സംബന്ധിച്ച വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | പ്രസ്തുത ആശുപത്രിയിൽ, വൈദ്യുതി തകരാറ് മൂലം ഓപ്പറേഷൻ തിയേറ്ററിൽ വൈദ്യുതി തടസ്സം ഉണ്ടാകുകയോ, മെഴുകുതിരി വെളിച്ചത്തിൽ ഓപ്പറേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടിവരികയോ ചെയ്തിട്ടില്ല. ആശുപത്രിയിൽ ജനറേറ്റർ കൂടാതെ ഓപ്പറേഷൻ തീയേറ്ററിൽ മാത്രമായി ഇൻവെർട്ടറും സ്ഥാപിച്ചിട്ടുണ്ട്. |
| ബി) | 2011-2012, 2012-2013 വർഷങ്ങളിൽ പ്രസ്തുത ആശുപത്രിയിൽ എത്ര ഡെലിവറികൾ നടന്നുവെന്ന് അറിയിക്കാമോ; | ബി) | എച്ച്. എം. ഐ. എസ് റിപ്പോർട്ടനുസരിച്ച് 2011-12 വർഷത്തിൽ 3538, 2012-13 വർഷത്തിൽ 3161-ഉം ഡെലിവറികൾ നടന്നിട്ടുണ്ട്. |
| സി) | ജനസാന്ദ്രതയുള്ള പട്ടണത്തിൽ സ്ഥിതി ചെയ്യുന്ന ആശുപത്രിയെന്ന നിലയിൽ ഇതിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ നടപടികൾ കൈക്കൊള്ളുമോ? | സി) | പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ